പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.322 27.02.2017 - ൽ മറുപടിയ്ക്ക്

## ആശുപത്രികൾക്ക് മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ :** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) സർക്കാർ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും മരുന്ന് ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) 2016-17 സാമ്പത്തിക വർഷം അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ട 585 ഇനം മരുന്നുകളിൽ പുനർ ദർഘാസിനു ശേഷവും വിതരണക്കാരെ ലഭിക്കാത്ത 59 ഇനം ഒഴികെയുള്ള എല്ലാ മരുന്നുകളും അനുബന്ധ സാമഗ്രികളും സംസ്ഥാനത്തെ സർക്കാർ ആശുപത്രികളും ഡിസ്പെൻസറികളും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ മുഖേന മുൻകൂട്ടി സമർപ്പിച്ച ഇൻഡന്റ് അനുസരിച്ച് യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വിതരണക്കാരെ ലഭിക്കാത്ത ഇനങ്ങളിൽ ചികിത്സയ്ക്ക് അത്യന്താപേക്ഷിതമായ Human Anti Immunoglobulin Inj.IP 300mcg vial, Streptrokinase Inj. IP 1500000 IU Vial, Ringer Lactate Injection IP 500 ml bottle, Metronidazole Inj. IP 5mg/ml 100ml bottle, Zolpidem Tab IP, Disposable Needle 23 G, 24G, Disposable Syringe 2CC, 5CC തുടങ്ങിയ ഇനങ്ങൾ കൂടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗമായി ആരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു.<br><br>ഗുണമേന്മയുള്ള മരുന്നുകൾ ആവശ്യമായ അളവിൽ യഥാസമയം ലഭ്യമാക്കി മെച്ചപ്പെട്ട സേവനം നൽകിയതിലൂടെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും തന്മൂലം ഉണ്ടാകാൻ സാദ്ധ്യതയുള്ള മരുന്നിന്റെ ദൗർലഭ്യം കണക്കിലെടുത്ത് അധിക അളവിൽ ആവശ്യമായി വരാവുന്ന 170 ഇനം മരുന്നുകൾ തെരഞ്ഞെടുത്ത് ടെണ്ടർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അധികമായി സംഭരിച്ച് ദൗർലഭ്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |

| | | | |
|---|---|---|---|
| (ബി) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അനുബന്ധ സ്ഥാപനമായ കാരുണ്യ വഴിയുള്ള മരുന്ന് വിതരണത്തിൽ പണം ഒടുക്കി ഒരു വർഷം വരെ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കാരുണ്യ വഴിയുള്ള മരുന്ന് വിതരണത്തിൽ ചില അവസരങ്ങളിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കിടപ്പുരോഗികൾക്കുള്ള പാലിയേറ്റീവ് കെയർ പദ്ധതിയുടെ മരുന്ന് സംഭരണവും കാരുണ്യ വഴിയാക്കുന്നതു മൂലം കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കിടപ്പുരോഗികൾക്കുള്ള പാലിയേറ്റീവ് കെയർ പദ്ധതിയുടെ കാരുണ്യ വഴിയുള്ള മരുന്നു വിതരണത്തിന് ചില അവസരങ്ങളിൽ ചില ഇനം മരുന്നുകൾക്കും അനുബന്ധസാമഗ്രികൾക്കും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള കാലതാമസം ഒഴിവാക്കി യഥാസമയം മരുന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ആശുപത്രികളിലേയ്ക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള മരുന്നുകളുടെ വിതരണം സമയബന്ധിതമായി നടത്തുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ